(2) പ്രതിരോധ കുത്തിവയ്പിനുള്ള മരുന്നിന്റെ ക്ഷാമം

ശ്രീ. ടി. കെ. ബാലൻ: വടക്കൻ കേരളത്തിലെ സർക്കാർ ആശുപത്രികളിലെ ഗുരുതരമായ സ്ഥിതിയാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കുത്തിവയ്പ്പിനുള്ള മരുന്നുകൾക്ക് കടുത്ത ക്ഷാമം വന്നിരിക്കുകയാണ്. വടക്കൻ ജില്ലകളിൽ ഡി.റ്റി., ഡിപി.ടി., ടി.ടി. എന്നീ കുത്തിവയ്പ്പിന്റെ മരുന്നുകൾ ഇന്ന് സർക്കാർ ആശുപത്രികളിൽ വേണ്ടത്ര ലഭിക്കുന്നില്ല. ശ്വാനൻ നായ കടിച്ചാൽ അതിനുള്ള ഏറ്റവും ഫലപ്രദമായ ആന്റി റാബിസ് വാക്സിൻ കാസർഗോഡ് ജില്ലയിൽ തുള്ളിപോലും ലഭിച്ചിട്ടില്ല. ശ്വാനൻ നായയും കുറുക്കനും കടിച്ചാൽ ഉടൻ തന്നെ വാക്സിനേഷൻ എടുക്കണം. മുഖത്തോ കൈപ്പത്തിയിലോ കടിച്ചാൽ, നെർവ് സിസ്റ്റത്തെയാണ് ബാധിക്കുന്നത്. അതുകൊണ്ട് ഉടൻ തന്നെ വാക്സിനേഷൻ തുടങ്ങണം. പാവപ്പെട്ട ആളുകൾ സർക്കാർ ആശുപത്രികളിൽ പോയാൽ ആന്റി റാബിസ് വാക്സിൻ ലഭിക്കുന്നില്ല. മുന്നൂറോ, നാനൂറോ രൂപ വിലയുള്ള ജർമൻ ഫോർമുലയിലുള്ള വാക്സിൻ വാങ്ങിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ടെറ്റനസ്, ഡിഫ്തീരിയ, പെട്രോസിസ്, ഡി.പി.റ്റി., ഡി.റ്റി. എന്നീ വാക്സിനുകൾക്കെല്ലാം തന്നെ പല സ്ഥലത്തും പല രൂപത്തിലുള്ള ക്ഷാമമാണ് ഇന്നുള്ളത്. അഞ്ചു വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് കുത്തിവയ്ക്കുന്ന ഡി.റ്റി മരുന്നുകൾ മാസങ്ങളോളമായി ലഭിക്കുന്നില്ല. കുഞ്ഞ് ജനിച്ച് 5 മാസത്തിലൊരിക്കൽ നൽകേണ്ട ഡി.പി.റ്റി.യും ഇന്ന് ലഭിക്കുന്നില്ല. കഴിഞ്ഞ ജൂൺ മാസത്തിൽ കുറച്ച് വാക്സിനുകൾ ആശുപത്രികളിൽ ലഭിച്ചു. പക്ഷേ അത് ഉടൻ തന്നെ ഉപയോഗിച്ചു കഴിഞ്ഞു. റ്റി.റ്റി. കുത്തിവയ്പ്പിനോടൊപ്പം ജനുവരി ആദ്യം ഇതിനുവേണ്ടിയിട്ടുള്ള മരുന്നും ലഭിച്ചിരുന്നു. ഇപ്പോൾ അത് വീണ്ടും ഔട്ട് ഓഫ് സ്റ്റോക്കായി. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന് വേണ്ടത്ര റ്റി.റ്റി. മരുന്ന് ഇല്ലാത്തതിനാൽ മൂരിപക്ഷം സ്കൂളുകളും കവർ ചെയ്യാൻ പറ്റാത്ത സ്ഥിതിയാണ്. വളരെ പ്രയോജനപ്രദമായ സ്കൂൾ ഹെൽത്ത് പ്രോഗ്രാം ഇപ്പോൾ തകർച്ചയിലേക്ക് നീങ്ങുകയാണ്. ഗർഭിണികളും റ്റി.റ്റി. വാക്സിനുവേണ്ടി സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കുകയാണ്. പ്രതിരോധ കുത്തിവയ്പ്പ് സൗജന്യമായതുകൊണ്ട് നാട്ടിലെ കുട്ടികളെല്ലാം അടുത്ത സർക്കാർ ആശുപത്രികളിലാണ് പോകുന്നത്. അത് ഇല്ലാതിരുന്നാലുള്ള സ്ഥിതി നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ. മറ്റൊരു കാര്യം, ഒരു ഡോസ് കൊടുത്ത് അടുത്ത ഡോസിന്റെ സമയത്ത് മരുന്നില്ലാതിരുന്നാൽ വീണ്ടും ആദ്യം മുതൽ പ്രതിരോധ കുത്തിവയ്പ്പ് ആരംഭിക്കേണ്ട സ്ഥിതിവരും. അതുകൊണ്ട്, നിശ്ചിത ദിവസത്തിൽത്തന്നെ വ്യക്തമായ ഡോസുകൾ കൊടുക്കാൻ കിട്ടാത്ത സ്ഥിതി വന്നാൽ അതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന വിഷമം ഊഹിക്കാവുന്നതേയുള്ളൂ. സ്വകാര്യ ആശുപത്രികളിലാണെങ്കിൽ ഇതിന് വലിയ ഫീസ് വസൂലാക്കുന്നുണ്ട്. ഇത് സാധാരണ നിലയ്ക്ക് ശീതീകരിച്ച അറയിൽ വയ്ക്കേണ്ട മരുന്നാണ്. ഇതെല്ലാം കേന്ദ്രം സംസ്ഥാനത്തിന് സൗജന്യമായി നൽകുന്ന മരുന്നുകളാണ്. മലബാർ മേഖലയിൽ കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ മരുന്ന് കൊണ്ടുവന്ന് നേരിട്ട് കോഴിക്കോട് റീജിയണൽ മരുന്ന് ഡിപ്പോയിലേക്കാണ് കൊടുക്കുന്നത്. കൊച്ചിയിലും തിരുവനന്തപുരത്തുമുള്ള റീജിയണൽ ഡിപ്പോയിൽ ഇതിനൊന്നും തന്നെ ക്ഷാമമില്ല. പക്ഷേ വേണ്ടത്ര ഇൻഡന്റ് ചെയ്ത് വിമാനത്തിൽ കൊണ്ടുവന്ന് നമ്മുടെ റീജിയണൽ കാലിക്കട്ട് ഡിപ്പോയിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോക്ക് ചെയ്യാത്തതുകൊണ്ട് വടക്കൻ കേരളത്തിലാകെ മരുന്നുകൾക്ക് വല്ലാത്ത ക്ഷാമമാണ് അനുഭവപ്പെടുന്നത്. ഇത് കണക്കിലെടുത്ത് കേന്ദ്ര ആരോഗ്യ വകുപ്പിന് വേണ്ടത്ര ഇൻഡന്റ് കൊടുത്ത് ഈ മരുന്നിന്റെ ക്ഷാമം ഇല്ലാതാക്കാൻ, മരുന്നുകൾ കൃത്യമായി എത്തിക്കാൻ വേണ്ടി ശ്രമിക്കണം. ഇപ്പോൾ കുറച്ച് ദിവസങ്ങളായി മരുന്ന് കിട്ടുന്നുണ്ട്. ഇന്നലേയും അന്വേഷിച്ചു. ചില ആശുപത്രികളിൽ ചോദിച്ചപ്പോൾ ഇപ്പോൾ കുറച്ച് കിട്ടുന്നുണ്ടെന്ന് അറിയിച്ചു. പക്ഷേ ആന്റി റാബിസ് വാക്സിൻ കിട്ടാത്തതുകൊണ്ട് ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി ഹോസ്പിറ്റലിലുള്ള പണം എടുത്തിട്ടാണ് പാവപ്പെട്ട രോഗികൾക്ക് ഭ്രാന്തൻ നായ കടിച്ചാലുള്ള മരുന്ന് കൊടുക്കുന്നത്. ആ സ്ഥിതി ഉണ്ടാകരുത്. ഇതിനാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സ്ത്രീകൾക്കും കുട്ടികൾക്കും രോഗ പ്രതിരോധത്തിനായുള്ള ഡി.റ്റി., ഡി.പി.റ്റി, റ്റി.റ്റി. എന്നീ വാക്സിനുകൾ സംസ്ഥാനത്തെ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള റീജിയണൽ സ്റ്റോറുകൾക്ക് നേരിട്ട് എത്തിക്കുകയും അവിടെനിന്ന് അതാത് ജില്ലകൾക്ക് നൽകി വരികയുമായിരുന്നു പതിവ്. എന്നാൽ അടുത്തയിടയ്ക്ക് ദേശീയതലത്തിൽ തന്നെ ഈ വാക്സിനുകൾക്ക് ക്ഷാമം ഉണ്ടാകുകയും കേന്ദ്ര സർക്കാർ തന്നെ വാക്സിൻ നൽകുന്നതിൽ കുറവ് വരുത്തുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാർ കഴിഞ്ഞ ഒരു വർഷത്തോളമായി മൂന്ന് റീജിയണൽ സ്റ്റോറുകളിൽ മുമ്പ് നൽകിയിരുന്ന പതിവ് മാറ്റി, തിരുവനന്തപുരത്തെ സ്റ്റോറിലേക്ക്മാത്രം വാക്സിൻ എത്തിച്ചിരുന്നതുമൂലം വടക്കൻ ജില്ലകളിൽ അവ എത്തിക്കുന്നതിന് കുറച്ച് കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഒരിടത്തും വാക്സിന് ക്ഷാമം ഉണ്ടായിട്ടില്ല. 28-2-2005-ലെ സ്റ്റോക്കനുസരിച്ച് താഴെപ്പറയുന്ന വാക്സിനുകൾ മലബാർ മേഖലയ്ക്ക് വിതരണം നടത്തുന്ന കോഴിക്കോട് റീജിയണൽ സ്റ്റോറുകളിൽ ലഭ്യമാണ്. ഓറൽ പോളിയോ വാക്സിൻ 213,000 ഡോസ്, മീസിൽസ് 67,000 ഡോസ്, ബി.സി.ജി. 42,660 ഡോസ്, ഡി.പി.റ്റി. 25,000 ഡോസ്. റ്റി.റ്റി. 230,000 ഡോസ് ഇതിനു പുറമേ ശ്രീ. ടി. കെ. ബാലന്റെ കാളിംഗ് അറ്റൻഷനുള്ള നോട്ടീസ് കിട്ടിയപ്പോൾ തന്നെ ഞാൻ കൂടുതൽ വാക്സിൻ കോഴിക്കോട്ട് എത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇന്നലെ തന്നെ കൂടുതൽ വാക്സിനുകൾ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ഇവിടെനിന്ന് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. മീസിൽസ് 100,000 ഡോസ്, ബി.സി.ജി. 100,000, ഡി.പി.റ്റി. 100,000 ഡോസ്, ഡി.റ്റി. 10,000 ഡോസ്. മലബാർ മേഖലയിലെ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിൽ വിതരണം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതാത് ജില്ലാ സ്റ്റോറുകളിൽ നിന്നാണ് പി.എച്ച്.സി.-കൾക്കും മറ്റ് ആരോഗ്യ കേന്ദ്രങ്ങൾക്കും വാക്സിൻ വിതരണം നടത്തുന്നത്.

ശ്രീ. ടി. കെ. ബാലൻ: ഏതായാലും ഇക്കാര്യത്തിൽ സ്വതര നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായി എന്ന് അറിഞ്ഞത് നല്ലതാണ്. ഭ്രാന്തൻ നായ കടിച്ചാൽ ഉടൻ തന്നെ ആന്റി റാബീസ് വാക്സിൻ 300, 400 രൂപ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്ത് ആളുകൾ വാങ്ങിക്കുകയെന്നുപറഞ്ഞാൽ വളരെ ബുദ്ധിമുട്ടാണ്. ഭ്രാന്തൻ നായ കടിച്ചാൽ വളരെ പരിഭ്രാന്തിയാണുണ്ടാകുക. അതുകൊണ്ട് എ.ആർ. വാക്സിൻ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും സ്റ്റോക്ക് ചെയ്യത്തക്കവിധത്തിലുള്ള ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: തീർച്ചയായിട്ടും ഉടൻതന്നെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതായിരിക്കും.

IV സബ്മിഷൻ

(1) തിരുവനന്തപുരത്ത് പൂവാറിലുണ്ടായ സംഘർഷാവസ്ഥ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ കഴിഞ്ഞ ദിവസം മുസ്ലീം സഹോദരങ്ങൾ തിങ്ങിത്താമസിക്കുന്ന ഒരു കോളനിയുടെ നേരെ പള്ളി മണി മുഴക്കിയശേഷം നൂറ് കണക്കിനാളുകൾ ബോംബെറിഞ്ഞും, തീ വച്ചും ഏതാണ്ട് നൂറ്റിയെൺപതോളം വീടുകൾ കത്തിക്കരിഞ്ഞ് ആകെ നശിച്ചുകിടക്കുന്നതായി ഇന്നലെ സ്ഥലം സന്ദർശിച്ചപ്പോൾ കാണാൻ കഴിഞ്ഞു. അവിടെ കഴിഞ്ഞിരുന്ന നാന്നൂറിൽപരം കുടുംബങ്ങൾ താമസിക്കാൻ നിർവാഹമില്ലാത്തതിനാൽ, അടുത്തുള്ള പൂവാർ പ്ലസ്ടു സ്കൂളിൽ താമസിക്കുന്നതായി കാണാൻ കഴിഞ്ഞു. സ്ത്രീകളും കുഞ്ഞുങ്ങളും പുരുഷന്മാരും വൃദ്ധവയോധികരുമായ ആളുകൾ വളരെ ഭീതിയോടുകൂടി അവിടെകഴിയുന്നതായിട്ടാണ് കണ്ടത്. ഇതുപോലുള്ള ആക്രമണം കഴിഞ്ഞ ദിവസം നടന്നുവെന്ന് മാത്രമല്ല, അവിടെ പല പ്രാവശ്യമായി സമീപ പ്രദേശത്തെ പള്ളിക്കാർ നിരന്തരമായി ആക്രമിച്ച് ഭൂമി കൈവശപ്പെടുത്തുന്നതിനുള്ള ശ്രമവും 1976, 1980, 1982 എന്നീ കാലഘട്ടങ്ങളിൽ നടന്നു. അങ്ങനെ ആവർത്തിച്ചാവർത്തിച്ചുള്ള ഇത്തരം ആക്രമണങ്ങളെ സംബന്ധിച്ച കദനകഥകളാണ് ആ വീട്ടുകാരിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. അവരെ സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തിര സ്വഭാവത്തോടുകൂടിയ ഗൗരവ നടപടികളൊന്നും തന്നെ ഉണ്ടാകുന്നില്ല എന്ന ഭീതിയോടും രോഷത്തോടും കൂടിയാണ് അവർ പറഞ്ഞത്. ഈ രണ്ട് പ്രദേശങ്ങളും വേർതിരിക്കത്തക്ക തരത്തിൽ ഒരു മതിൽകെട്ടി, പെട്ടെന്ന് വന്ന് തീ വയ്ക്കുകയും മറ്റും ചെയ്യാത്ത വിധത്തിൽ സംരക്ഷണനടപടി ഞങ്ങൾക്ക് ചെയ്തുതന്നാൽ വളരെ ഉപകാരമായിരിക്കുമെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അവർ എന്നോട് പറഞ്ഞു. അതുപോലെതന്നെ ഓലമേഞ്ഞ വീടുകൾ ആയതു കൊണ്ട് തീ എറിഞ്ഞു കഴിഞ്ഞാൽ ഉടൻതന്നെ കത്തിച്ചാമ്പലായിപ്പോവുകയാണ്. അവിടെ താമസിക്കുന്നവർക്ക് കോൺക്രീറ്റ് വീടുകൾ വച്ചുകൊടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ അതൊരു രക്ഷയായിരിക്കുമെന്ന് അവർ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം അക്രമികളെ അടിയന്തിരസ്വഭാവത്തോടുകൂടി കസ്റ്റഡിയിലെടുത്ത് കേസ് ചാർജ് ചെയ്യണം. ഇതുപോലുള്ള ആക്രമണങ്ങൾ തുടർന്ന് ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ഗവണ്മെന്റ് സത്വര നടപടി സ്വീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. കാരണം ഒരു വർഗ്ഗീയ

LIBRARY ARCHIVES Kerala Legislative Assembly